ഉത്തരം

(എ, ബി) കേരള, മഹാത്മാ ഗാന്ധി, കണ്ണൂർ, സർവ്വകലാശാലകളും അംഗീകരിച്ചിട്ടില്ല. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ബി-ലെവൽ കോഴ്സിനു ചേരുന്നതിനാവശ്യമായ യോഗ്യതകളുടെ വിശദാംശങ്ങളും ആരാഞ്ഞുകൊണ്ടുള്ള കത്തിന് ഡി.ഒ.ഇ. എ.സി.ഇ. ഡയറക്ടറിൽ നിന്നും കണ്ണൂർ സർവ്വകലാശാലയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സ് അംഗീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് അപേക്ഷ ലഭിച്ചിട്ടില്ല. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇല്ല.

(ഇ, എഫ്) കേരളത്തിലെ സർവ്വകലാശാലകളും അംഗീകരിക്കുന്ന ബിരുദം മാത്രമേ ജോലിക്കുള്ള യോഗ്യതയായി പി. എസ്. സി. അംഗീകരിക്കുകയുള്ളൂ.

(ജി) ഇക്കാര്യം സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജുകളിലെ ജലദൗർലഭ്യം

48 [1570] ഡോ. എം. എ. കുട്ടപ്പൻ;
ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. പ്രതാപ വർമ്മ തമ്പാൻ:
,, എം. എം. ഹസ്സൻ:
,, വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്;

(ബി) പ്രസ്തുത കോളേജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർ പ്രസ്തുത കോളേജ് ക്യാമ്പസ്സിലുള്ള കുളങ്ങളിൽ കുളിക്കരുതെന്ന് ബന്ധപ്പെട്ട കോളേജുകളുടെ നോട്ടീസ് ബോർഡിൽ നോട്ടീസ് ഇടാറുണ്ടായിരുന്നോ;

(സി) അപ്രകാരം നോട്ടീസ് ഇട്ട കോളേജ് അധികൃതർ കുട്ടികൾക്ക് കുളിക്കുന്നതിനുള്ള വെള്ളം കിട്ടുവാൻ എന്തെല്ലാം ബദൽ സംവിധാനം ഉണ്ടാക്കിയിരിക്കുന്നു;

(ഡി) ഒരു ബദൽ സംവിധാനവും ഉണ്ടാക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത്;

(ഇ) ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ വെള്ളത്തിന് ദൗർലഭ്യമുണ്ടായപ്പോൾ കോളേജ് ക്യാമ്പസ്സിലുള്ള കുളത്തിൽ കുളിക്കാൻ പോയവരിൽ ആരെങ്കിലും 2005 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുളത്തിൽ വീണ് മരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാം;

(എഫ്) ഇങ്ങനെ മരിച്ച വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് എന്തു നഷ്ടപരിഹാരം നൽകി എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്
2. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
3. ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ
4. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നീ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ബി) നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റിയിൽ നിന്നും പൈപ്പ് പൊട്ടുക മൂലമോ പമ്പിംഗ് നടക്കാത്തതു മൂലമോ ജലം ലഭിക്കാത്ത പക്ഷം ദൈനംദിന ആവശ്യങ്ങൾക്കും പാചകത്തിനും ആവശ്യമായ ജലം ടാങ്കുകളിൽ ലഭ്യമാക്കുന്നുണ്ട്. ജല അതോറിറ്റി മുഖാന്തിരവും പ്രൈവറ്റ് ഏജൻസികൾ മുഖേനയും ഇപ്രകാരം ജലം ഹോസ്റ്റലുകളിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ക്യാമ്പസ്സിലുള്ള രണ്ട് കുഴൽ കിണറുകൾ വൃത്തിയാക്കി പമ്പ് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്. പൂർവ്വ വിദ്യാർത്ഥി സംഘടന (സി.ഇ.റ്റി.എ.എ.)-യുമായി സഹകരിച്ച് മഴവെള്ള സംഭരണത്തിനായുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ബദൽ സംവിധാനം നിലവിലുണ്ട്.

(ഇ) ഉണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2005 ഏപ്രിൽ 10-ന് അരുൺ പ്രകാശ് എന്ന വിദ്യാർത്ഥി അധികൃതരുടെ മുന്നറിയിപ്പ് അവഗണിച്ച് ക്യാമ്പസ്സിലുള്ള കുളത്തിൽ കുളിക്കാൻ പോവുകയും കുളത്തിൽ വീണ് മരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും നഷ്ടപരിഹാരം നൽകിയിട്ടില്ല. മൃതദേഹം നാട്ടിലെത്തിക്കാനും അതിനോടനുബന്ധിച്ചുള്ള ചിലവുകളും ആ സ്ഥാപനത്തിലെ പി.റ്റി.എ. ആണ് വഹിച്ചത്.

കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം
ജീവനക്കാരുടെ സർവ്വീസ്

49 [1571] ശ്രീ. ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി എത്ര പ്രാവശ്യം ചർച്ച നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും, അവയിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയെന്നും ഇവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) മറ്റ് തീരുമാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിലാക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly